**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3935 — 11.11.2019 ൽ മറുപടി നൽകേണ്ടിയിരുന്നത്

# ആരോഗ്യ കേന്ദ്രങ്ങളിലെ വികസന പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ആരോഗ്യ വകുപ്പ് ഡയറക്ടർ 22.09.2019 തീയതിയിൽ പി.എൽ എ 4/73745/19/ആ.വ.ഡ നമ്പർ സർക്കുലർ പുറപ്പെടുവിക്കാനുണ്ടായ സാഹചര്യത്തെക്കുറിച്ച് വിശദമാക്കാമോ; | (എ) | സെക്രട്ടേറിയറ്റിൽ വച്ച് നടന്ന ഫയൽ അദാലത്ത് വേളയിൽ സംസ്ഥാനത്തെ പല ആരോഗ്യ സ്ഥാപനങ്ങളിലും ആരോഗ്യ ഇതര നിർമ്മാണ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെടുകയും, സർക്കാർ നിർത്തി വക്കാൻ നിർദ്ദേശം നൽകിയ നിർമ്മാണ പ്രവർത്തനം സർക്കാരിന്റെ തുടർ അനുമതിയില്ലാതെ പൂർത്തിയാക്കുകയും ചെയ്ത വിഷയങ്ങൾ ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് സർക്കാർ നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ആരോഗ്യ വകുപ്പ് ഡയറക്ടർ 22.09.2019 ലെ പി.എൽ.എ 4/73745/19/ആ.വ.ഡ നമ്പർ സർക്കുലർ പുറപ്പെടുവിച്ചത്. |
| (ബി) | ത്രിതല പഞ്ചായത്തുകൾക്ക് വിട്ടുകിട്ടപ്പെട്ട സ്ഥാപനങ്ങളിൽപ്പെടുന്ന ആരോഗ്യ കേന്ദ്രങ്ങളിലെ വികസന പ്രവർത്തനങ്ങളെ പ്രസ്തുത സർക്കുലർ പ്രതികൂലമായി ബാധിക്കാതിരിക്കാൻ നടപടികൾ എടുക്കാമോ; വ്യക്തമാക്കാമോ; | (ബി)<br>&<br>(സി) | വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലറിൽ ഭേദഗതി വരുത്തി പുതുക്കിയ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഈ സാമ്പത്തിക വർഷത്തിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച ത്രിതല പഞ്ചായത്തുകളിലെ ആരോഗ്യ കേന്ദ്രങ്ങളിലെ വികസന പ്രവൃത്തികൾ പ്രസ്തുത സർക്കുലർ പ്രകാരം മുടങ്ങാതിരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശങ്ങൾ നൽകുമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

# ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം

വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം, പിൻ -695035

ഫോൺ: 04712302490 ഫാക്സ്:04712303025/20303080

ഇ-മെയിൽ : dhskerala@gmail.com വെബ്സൈറ്റ്: www.dhs.kerala.gov.in


നം.പി.എൽ.എ4-73745/2019/ആ.വ.ഡ തിയതി : 23/10/2019

## സർക്കുലർ

വിഷയം :- ആ.വ.ഡ.- ആരോഗ്യവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ -ഭേദഗതി വരുത്തുന്നത് -സംബന്ധിച്ച്

സൂചന:- 1. 22/09/2019 ലെ ഇതേ നമ്പർ സർക്കുലർ

2. KGPA/L[illegible]M/FR/2019 102201 date : 22/10/2019

ചിലജില്ലകളിൽ ആരോഗ്യവകുപ്പ് സ്ഥാപനങ്ങളുടെ കോമ്പൗണ്ടിൽ ആരോഗ്യവകുപ്പുമായി ബന്ധമില്ലാത്ത നിർമ്മാണപ്രവർത്തനങ്ങൾ നടന്ന് വരുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ജില്ലാ മെഡിക്കൽ ഓഫീസർമാർ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് 2019 ഒക്ടോബർ മാസത്തിൽ സെക്രട്ടറിയേറ്റിൽ വച്ച് നടന്ന ഫയൽ അദാലത്തിൽ ടി വിഷയം പരിഗണിക്കുകയുണ്ടായി. പല ആരോഗ്യസ്ഥാപനങ്ങളിലും നിലവിലുള്ള വസ്തുവകകളുടെ വിസ്തൃതി ആരോഗ്യസ്ഥാപനങ്ങളുടെ ദീർഘകാല വികസനങ്ങൾക്ക് മതിയാകാതെ വരുന്ന സാഹചര്യം പരിഗണിച്ച്കൊണ്ടാണ് സൂചന ഒന്ന് പ്രകാരമുള്ള സർക്കുലർ ഇറക്കാൻ ഇടയായത്.

ടി സർക്കുലർ അനുസരിച്ച് പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നത് നിലവിലുള്ള പഞ്ചായത്ത് രാജ് ചട്ടങ്ങൾക്ക് വിരുദ്ധമാകുമെന്നും ആരോഗ്യ, തദ്ദേശ സ്വയംഭരണവകുപ്പുകൾ സംയുക്തമായി നടത്തിവരുന്ന ആരോഗ്യസ്ഥാപനങ്ങൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾക്ക് കാലതാമസവും ബുദ്ധിമുട്ടുകളും ഉണ്ടാകാൻ ഇടയുണ്ടെന്നും തദ്ദേശസ്വയംഭരണവകുപ്പ് ആരോഗ്യവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഈ സാഹചര്യത്തിൽ സൂചന 1 പ്രകാരമുള്ള സർക്കുലറിലെ ഉള്ളടക്കം താഴേ പറയുന്ന രീതിയിൽ ഭേദഗതി വരുത്തുന്നു.

സംസ്ഥാനത്ത് വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഭാഗമായി പഞ്ചായത്ത്തലം മുതൽ ജില്ലാതല ആശുപത്രികൾ വരെയുള്ള ആരോഗ്യസ്ഥാപനങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിലും പങ്കാളിത്തത്തോടെയും വലിയ രീതിയിലുള്ള വികസന പ്രവർത്തനങ്ങളാണ് സർക്കാർ ആശുപത്രികളിലും മറ്റ് ആരോഗ്യസ്ഥാപനങ്ങളിലും നടന്ന് വരുന്നത്. ആർദ്രം മിഷൻ നടപ്പിലാക്കാൻ

ആരംഭിച്ചതോടെ പ്രത്യേകിച്ച് കുടുംബാരോഗ്യകേന്ദ്രങ്ങളുടെ കാര്യത്തിൽ വലിയതോതിലുള്ള ഏകോപനപ്രവർത്തനങ്ങളും ഗ്രാമപഞ്ചായത്തുകൾ നടത്തിവരുന്നു.

ആരോഗ്യസ്ഥാപനങ്ങളുടെ ദീർഘകാലവികസനം കണക്കിലെടുക്കുമ്പോൾ പലയിടങ്ങളിലും നിലവിലുള്ള വസ്തുവകകൾ അപര്യാപ്തമാണ്. ഈ സാഹചര്യത്തിൽ ആരോഗ്യ ഇതര ആവശ്യങ്ങൾക്ക് സർക്കാർ ആശുപത്രികളുടെയും മറ്റ് ആരോഗ്യസ്ഥാപനങ്ങളുടെയും വസ്തുവകകൾ ഉപയോഗിക്കുന്നതും ആരോഗ്യഇതര ആവശ്യങ്ങൾക്കായി കെട്ടിട നിർമ്മാണങ്ങൾക്ക് സ്ഥലം കണ്ടെത്തുന്നതും ഒഴിവാക്കേണ്ടതാണ്. ആരോഗ്യസ്ഥാപനങ്ങളിൽ തദ്ദേശസ്വയംഭരണവകുപ്പ് വഴിയുള്ള കെട്ടിട നിർമ്മാണങ്ങൾ അതാത് സ്ഥാപനമേധാവിയുമായി ബന്ധപ്പെട്ട് ചർച്ചകളിലൂടെ രൂപംകൊടുക്കേണ്ടതും ഇക്കാര്യങ്ങളിലുള്ള സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുമായിരിക്കണം.

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും.

സെക്ഷൻ ഓഫീസർ